ഓംബുഡ്സ്മാൻ വിധി കല്പിക്കുകയും ചെയ്യട്ടെ. ഈ വിധി പത്രത്തിൽ പ്രസിദ്ധീകരിക്കണം.

3. സർക്കാരിൽനിന്നോ മററുള്ളവരിൽനിന്നോ എന്തെങ്കിലും ആനുകൂല്യം പത്രത്തിനോ അതിലെ ഏതെങ്കിലും ജോലിക്കാരനോ ലഭിച്ചാൽ, ഉടൻ ആ വിവരം പത്രത്തിൽ പ്രസിദ്ധപ്പെടുത്തണം.

4. കോടതിനടപടികൾ നീട്ടിനീട്ടി, അപവാദപ്രചാരണം സംബന്ധിച്ച കേസ്സുകളിൽ ശിക്ഷയിൽനിന്ന് ഒഴിവാകുക എന്ന അടവു തങ്ങൾ കൈക്കൊള്ളുന്നതല്ല എന്നു പത്രങ്ങൾ പ്രഖ്യാപിക്കണം.

ശ്രീ ശൗരിയുടെ ലേഖനം പത്രപ്രവർത്തകർ മാത്രമല്ല, പത്രവായനക്കാരും വായിച്ചിരിക്കേണ്ട ഒന്നാണെന്ന് ഇതിനകം വ്യക്തമായിരിക്കും. സമൂഹപരിവർത്തനത്തിനുള്ള ശക്തമായ ഒരായുധമായിരുന്നു ഒരു കാലത്തു് ഇന്ത്യയിൽ പത്രപ്രവർത്തനം. ആ പദവി ഇന്നു നമ്മുടെ പത്രങ്ങൾക്കു നഷ്ടപ്പെട്ടിരിക്കുന്നു. അതിവേഗത്തിൽ ഗുണച്ച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഭാരതീയ പത്രപ്രവർത്തനത്തിന് ഒരു താക്കീതും ഒരു മാർഗദർശനവുമാണ് ശ്രീ ശൗരിയുടെ ലേഖനം. തീർച്ചയായും അതു ശ്രദ്ധിക്കപ്പെടണം.

(28 സെപ്തംബർ, 1983)

# 85. വായനക്കാരുടെ രസത്തിനുവേണ്ടി

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അമേരിക്കൻ–ബ്രിട്ടീഷ് പത്രങ്ങളിൽനിന്നു ക്രൂരമായ ഒരു ആക്രമണം ഇന്ത്യൻ പത്രങ്ങൾക്കു നേരിടേണ്ടിവന്നു. ഈ ആക്രമണത്തിൽ ഇന്ത്യൻ പത്രങ്ങൾ ദയനീയമാംവിധം പരാജയപ്പെടുകയുംചെയ്തു. ആക്രാമകന്മാർ രംഗത്തുവന്നതു സൗഹാർദത്തിന്റെ മുഖംമൂടി ധരിച്ചായിരുന്നു. ഇംഗ്ലീഷിൽ മാത്രമല്ല, പ്രാദേശിക ഭാഷകളിലുമുള്ള പ്രധാനപ്പെട്ട എല്ലാ ഇന്ത്യൻ പത്രങ്ങളും ദേശീയ സ്വഭാവമാണ് അന്നോളം പുലർത്തിവന്നതു്. രാഷ്ട്രത്തിനു പൊതുവെ ബാധകമായ പ്രശ്നങ്ങളിൽ ഈ പത്രങ്ങൾ താല്പര്യം പ്രദർശിപ്പിക്കുകയും, സ്വാതന്ത്ര്യസമരത്തിനു മുന്നിട്ടുനിന്ന് ആവേശം പകരുകയുംചെയ്തു. ദേശീയ പ്രാധാന്യമുള്ള വാർത്തകളാണ് അവയിൽ വലിയ തലക്കെട്ടുകളോടെ പ്രധാന പേജുകളിൽ പ്രസിദ്ധീകരിച്ചിരുന്നതു്. ദേശീയ നേതാക്കന്മാരുടെ പ്രധാന പ്രസംഗങ്ങൾ ഏറെക്കുറെ പൂർണമായി അവ ഉദ്ധരിച്ചിരുന്നു. അവയിലെ മുഖപ്രസംഗങ്ങൾ പ്രായേണ ദേശീയ പ്രശ്നങ്ങളെക്കുറിച്ചായിരുന്നു.

ഇതിന്റെ ഒരു ഫലം പ്രാദേശിക പ്രശ്നങ്ങൾ ഇന്ത്യൻ പത്രങ്ങളിൽ അവഗണിക്കപ്പെട്ടിരുന്നു എന്നതാണ്. ഇന്ത്യയിൽ ഏതു ഭാഗത്തുമുള്ള, ഏതു ഭാഷയിലുമുള്ള, ഏതെങ്കിലും പത്രം വായിക്കുന്ന ഒരാൾക്ക് ദില്ലിയിൽ എന്തു നടക്കുന്നു എന്ന് അറിയാമായിരുന്നു. എന്നാൽ, അടുത്ത ഗ്രാമത്തിൽ എന്തു നടക്കുന്നു എന്നറിയാൻ അയാൾക്കു പത്രത്തിൽനിന്നു യാതൊരു സഹായവും ലഭിച്ചിരുന്നില്ല.

ഈ സ്ഥിതിക്ക് ഒരു മാററം വരുത്തേണ്ടതുണ്ടെന്ന് അമേരിക്കൻ–ബ്രിട്ടീഷ് പത്രപ്രവർത്തകരുടെ ഗാഢസ്വാധീനമുള്ള അന്താരാഷ്ട്രീയ പത്രസ്ഥാപനം കരുതി. ഈ സ്ഥാപനത്തിന്റെ നോട്ടത്തിൽ, സ്വതന്ത്ര ഇന്ത്യയ്ക്കു് ഏററവും പററിയ പത്രസംവിധാനം ഇതായിരുന്നു. രാജ്യത്തിലാകെ രണ്ടോ മൂന്നോ ദേശീയ (നാഷനൽ) പത്രങ്ങൾ മതി. ഇവ ഇംഗ്ലീ

ഷിലാവുകയാണുതാനും ഭംഗി. ദില്ലി, കൽക്കത്ത, ബോംബെ, മദ്രാസ് എന്നീ നഗരങ്ങളിൽനിന്ന് ഈ ദേശീയപത്രങ്ങൾ പ്രസിദ്ധീകരിക്കണം. ഇന്ത്യയിലെ മററു പത്രങ്ങളെല്ലാം പ്രാദേശികങ്ങൾ (പ്രൊവിൻഷ്യൽ) ആയിരിക്കണം. അതാതു പ്രദേശത്തിലെ കാര്യങ്ങൾക്കേ ഈ പത്രങ്ങൾ പ്രാധാന്യം നൽകൂ. ഈ പ്രാദേശിക പത്രങ്ങൾതന്നെ, അതാതു ജില്ലകൾക്കുവേണ്ടി പ്രത്യേകം പതിപ്പുകൾ ഇറക്കണം. ഒരു ജില്ലയിലെ മിക്ക വാർത്തകളും മററു ജില്ലകളിൽ പ്രചരിപ്പിക്കേണ്ട യാതൊരാവശ്യവുമില്ല. അങ്ങനെ രാവിലെ കൈയിൽ കിട്ടുന്ന പത്രത്തിൽ (പത്രം ഏതായാലും കൊള്ളാം) തന്റെ അയൽ പ്രദേശത്തിലെ വാർത്തകളും അയൽക്കാരുടെ ചിത്രങ്ങളും വായനക്കാരൻ (വായനക്കാരി) കാണണം. ഇങ്ങനെയായാൽ മാത്രമേ ഇന്ത്യയിൽ പത്രങ്ങളുടെ പ്രചാരം വർദ്ധിക്കൂ. കാരണം, ദേശീയപ്രശ്നങ്ങളിലല്ല, അയൽപക്കത്തെ കൊച്ചുവർത്തമാനങ്ങളിലാണു സാധാരണവായനക്കാരനും വായനക്കാരിക്കും താല്പര്യം.

ഈ ആശയം പ്രചരിപ്പിക്കുന്നതിന് അന്താരാഷ്ട്രീയ പത്രസ്ഥാപനത്തിന്റെ വിദഗ്ധന്മാർ ഇന്ത്യയിലെ പത്രമാപ്പീസുകൾ കൂടെക്കൂടെ സന്ദർശിച്ചു. റോട്ടറി പ്രസ്സുകളും ടെലിപ്രിന്റർ ലെയിനുകളും മററും സ്ഥാപിച്ച് ഇന്ത്യയിലെ പത്രങ്ങൾ വികസിച്ചുവരുന്ന കാലമായിരുന്നു അത്. അന്താരാഷ്ട്രീയ വിദഗ്ധന്മാരുടെ 'സാങ്കേതിക' സഹായം ഈ ഘട്ടത്തിൽ സന്തോഷപൂർവം സ്വാഗതം ചെയ്യപ്പെട്ടു. വിദേശീയ വിദഗ്ദ്ധന്മാർ നാടൻ പത്രപ്രവർത്തകർക്കു തുടർച്ചയായി ക്ലാസ്സുകളെടുത്തു; ന്യൂസ് എഡിററർമാരുടെ കൂടെനിന്നു മുൻപേജിന്റെയും എഡിറേറാറിയൽ പേജിന്റെയും മററും സംരചന പഠിപ്പിച്ചു. പത്രപ്രവർത്തനം സംബന്ധിച്ച ഒരുതരം സാങ്കേതികഭാഷ (സ്ലാങ്) ഇവരിൽനിന്നു നമ്മുടെ പത്രപ്രവർത്തകർ അഭിമാനത്തോടെ ഉൾക്കൊണ്ടു. പരിശീലനം നേടിയവരിൽ മിടുക്കന്മാർ എന്നു തങ്ങൾക്കു തോന്നിയ നാടൻ പത്രപ്രവർത്തകരെ വിദഗ്ദ്ധർ ശീമയിലേക്കു ക്ഷണിച്ചു. അമേരിക്കയിലെയും ബ്രിട്ടനിലെയും പ്രാദേശികപത്രങ്ങളിൽ ഇവർക്ക് ഏറിയും കുറഞ്ഞുമുള്ള കാലത്തേക്കു വീണ്ടും പരിശീലനം നൽകി. വിദേശത്തു പരിശീലനം നേടിയ ശിഷ്യന്മാർ തിരിച്ചുവന്ന് ഗുരുക്കന്മാരുടെ ഉപദേശങ്ങൾക്കനുസരിച്ചു തങ്ങളുടെ പത്രങ്ങൾ രൂപാന്തരപ്പെടുത്തി. ദേശീയ പ്രാധാന്യമുള്ള വാർത്തകൾ അവർ പ്രായേണ പ്രസിദ്ധീകരിക്കാതായി. മുൻപേജിൽ ഒരു 'ഹ്യൂമൻ ഇൻററസ്റ്റ് സ്റ്റോറി' വേണമെന്ന നിർബന്ധം വന്നു. 'മനുഷ്യതാല്പര്യകഥ' എന്നും കിട്ടുമോ? കിട്ടിയില്ലെങ്കിൽ സൃഷ്ടിക്കുന്നതു പത്രലേഖകന്റെ കർത്തവ്യമായിത്തീർന്നു. പത്രങ്ങൾ എല്ലാംതന്നെ ഓരോ ജില്ലയ്ക്കും ഓരോ പതിപ്പ് ഇറക്കിത്തുടങ്ങി. പേരും പരസ്യങ്ങളും പത്രാധിപലേഖനങ്ങളും മാത്രം ഒന്ന്, വൃത്താന്തങ്ങളെല്ലാം വേറെ എന്നതാണ് ഈ പതിപ്പുകളുടെ സ്ഥിതി. കൊല്ലത്തു പാർക്കുന്ന ഒരാൾക്ക് കോഴിക്കോട്ടു നടക്കുന്ന വാർത്തകൾ (മറിച്ചും) അറിയുവാൻ ഒരു മാർഗവും ഇല്ലാതായി. (ദേശീയ വാർത്തകൾ വേണമെന്നുള്ളവർക്ക് റേഡിയോവിൽനിന്നും അവ കേൾക്കാമല്ലോ).

'അമേരിക്കൻ—ബ്രിട്ടീഷ് പത്രങ്ങളുടെ ആക്രമണ'മെന്ന് ആദ്യം പറഞ്ഞതു് ഈ സംഭവവികാസത്തെയാണ്. ഈ ആക്രമണത്തിൽ നമ്മുടെ പത്രങ്ങൾക്ക് 'ഉദ്ബോധന'മെന്ന പഴയ ലക്ഷ്യം നഷ്ടപ്പെട്ടു. 'പ്രചാരവർദ്ധന'മെന്നതായി അവരുടെ മുഖ്യ ലക്ഷ്യം. ലക്ഷ്യത്തിൽ വന്ന ഈ പരിവർത്തനത്തെയാണ് 'പരാജയം' എന്നു മുകളിൽ നിർദേശിച്ചതു്.

അയൽപക്കത്തെ വാർത്തകളിൽ അധികവും, ഇപ്പോഴും, 'രാഷ്ട്രീയ' വാർത്തകളാണ്. കാരണം, 'രാഷ്ട്രീയ'മാണ്, ഇന്നു നമ്മുടെ നാട്ടിലെ

മുഖ്യവ്യവസായം. പാർട്ടി പ്രവർത്തനമാണല്ലോ ഇന്നത്തെ 'രാഷ്ട്രീയം'. സ്വതേ ശുഷ്കമായ പാർട്ടിപ്രവർത്തനം വായനയിൽ സരസമായി അനുഭവപ്പെടണമെങ്കിൽ അതിൽ മറെറാരുപാട ഭാവന—ശുദ്ധ നുണ തന്നെ—കലർത്തേണ്ടിവരും. അപവാദങ്ങൾ ധാരാളമായി എഴുതിച്ചേ ർക്കാതെ തരമില്ല. ഒരു രാഷ്ട്രീയക്കാരൻ രാഷ്ട്രീയക്കാരനെ 'എന്റെ ബഹുമാന മിത്രം' എന്നു വിളിച്ചാൽ അതു വാർത്തയാവില്ലല്ലോ, 'പട്ടി' എന്നു വിളിച്ചാൽ വാർത്തയാവും. നല്ല വാർത്തയാവണമെങ്കിൽ 'പുഴുത്തപട്ടി' എന്നു വിളിച്ചതായി റിപ്പോർട്ട് ചെയ്യണം!

രാഷ്ട്രീയം മാത്രം മതിയോ? കൊലപാതകം, ആത്മഹത്യ, ഒളിച്ചോട്ടം, കൊള്ള, അപകടമരണം—അങ്ങനെ ഒരു തുള്ളിയെങ്കിലും രസം പിഴിഞ്ഞെടുക്കാവുന്ന ഏതു സംഭവത്തെയും നമ്മുടെ പത്രപ്രവർത്തകർ ഇന്നു നിർദാക്ഷിണ്യം ഉപയോഗപ്പെടുത്തിവരുന്നു. കേരളത്തിൽ എവിടെയെങ്കിലും ഒരു കുട്ടി അബദ്ധത്തിൽ കിണററിൽ വീണാൽ നിമിഷങ്ങൾക്കകം കിണററിൻകരയിൽ വന്നുചേരുന്ന ആൾക്കൂട്ടത്തിൽ പകുതിയെങ്കിലും പത്രറിപ്പോർട്ടർമാരായിരിക്കും. ഇവരിൽ അഞ്ചാറു ക്യാമറക്കാരും ഉണ്ടാവും. കിണററിൽ വീണ കുട്ടിയുടെ പടം കിണററിൽവെച്ച് എടുക്കാൻ കഴിഞ്ഞില്ലെങ്കിൽ, മുകളിൽ കയററിയശേഷം എടുക്കും. അതും സാധിച്ചില്ലെങ്കിൽ, നാലഞ്ച് അയൽക്കാരുടെ ചിത്രമെങ്കിലും ക്യാമറയിൽ പകർത്തും. 'ഇന്നലെ....സ്ഥലത്തു കിണററിൽ വീണ കുട്ടിയുടെ ദുഃഖിതരായ അയൽക്കാർ' എന്നോ മറേറാ വിവരണം കൊടുത്തു പത്രത്തിൽ ഈ പടങ്ങൾ പ്രസിദ്ധപ്പെടുത്തുകയുംചെയ്യും.

അതിരുകടന്ന ഈ പ്രക്ഷോഭവത്കരണം (സെൻസേഷണലൈസേഷൻ) മൂലം എത്ര പേരുടെ സൈ്വരജീവിതം തകരാറിലാവുന്നുണ്ടെന്നു പത്രപ്രവർത്തകർ ചിന്തിക്കാറില്ല. ഇതിനൊരുദാഹരണമാണ്, ഈയിടെ നമ്മുടെ ഒരു പ്രമുഖ പത്രത്തിൽ വന്ന ഷെർളിയുടെ കഥ.

ചിറയിൻകീഴ്കാരിയായ ഷെർളി എന്ന യുവതിയും ഒന്നര വയസ്സുള്ള മകനും തിരുവനന്തപുരത്തുള്ള ഭർത്താവിന്റെ വീട്ടിൽനിന്നു നാലു മാസം മുമ്പ് ഒളിച്ചുപോയി. അവൾ പുനലൂരിലുള്ള തന്റെ പഴയ കാമുകന്റെ വീട്ടിൽ സമാധാനമായി ജീവിച്ചു വരുകയായിരുന്നു.

മകളെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിൽ അധികൃതരുടെ സഹായം തേടി നിരാശയായ അമ്മ സ്വയം അവളെ തേടിയിറങ്ങി. മകളുടെ ചിത്രവുമായി കോഴിക്കോട്ടെത്തിയ ഈ സ്ത്രീയെ ആരോ പത്രമാഫീസ്സിൽ കൊണ്ടുവിട്ടു. പത്രക്കാർക്ക് ഇതിലുമധികം ആഹ്ലാദം എന്തുവേണ്ടൂ? അപ്രത്യക്ഷയായതു് സുമുഖിയായ ഒരു യുവതി; അവളുടെ ഭർത്താവ് ഒരു വികലാംഗൻ; നിർധനയായ അമ്മ; അവരോട് ഒരനുഭാവവും കാട്ടാത്ത പോലീസും മന്ത്രിമാരും: എരിവും പുളിയും മധുരവുമുള്ള, നയനമോഹനമായ, ഒരു ബോക്സിനുവേണ്ട വിഭവങ്ങളെല്ലാം ഇതാ ഇവിടെ!

പത്രവാർത്ത പുനലൂരെത്താൻ രണ്ടു ദിവസം പിടിച്ചു (കോഴിക്കോട്ട് എഡിഷനിലെ രസശകലം പുനലൂർ എഡിഷനിലേക്കു മാറാൻ നേരിട്ട താമസമാണിതു്). വാർത്ത വായിച്ച ഉടനെ പുനലൂരിലെ ഒരു പോലീസുകാരൻ ഷെർളിയെ പിടിച്ച് സ്റ്റേഷനിലേക്കു കൊണ്ടുപോയി. പത്രത്തിന്റെ ഭാഗ്യം; ഇതാ മറെറാരു ബോക്സ്കൂടി! ഇത്തവണ ഷെർളിയുടെയും പുത്രന്റെയും പടം; ഷെർളി വീണ്ടും ഗർഭിയാണെന്ന സന്തോഷവിവരം; ഷെർളിയുടെ പഴയ പ്രേമബന്ധകഥകൾ; അവളുടെ കാമുകന്റെ അമ്മയും അവളെ കണ്ടുപിടിച്ച പോലീസുകാരനുമെന്ന പുതിയ കഥാപാത്രങ്ങൾ; എരിവും പുളിയും മധുരവും ഈ ബോക്സിലും കുറവല്ല?

തങ്ങളുടെ സ്വൈരജീവിതം തടസ്സപ്പെടുത്തിയതിനു് പത്രത്തിന്റെ പേരിൽ കേസ്സു കൊടുക്കുവാൻ ഷെർളിക്കും അവളുടെ കാമുകനും അവകാശമുണ്ടു്. എത്ര പാവപ്പെട്ട പൗരനും ഉള്ളതാണു് സ്വൈരജീവിതാവകാശം (റൈററ് ടു പ്രൈവസി). അതു് ഇവിടെ നഗ്നമായി, വെറും രസത്തിനുവേണ്ടിയോ, പത്രപ്രചാരവർദ്ധനയ്ക്കുവേണ്ടിയോ ധ്വംസിക്കപ്പെട്ടിരിക്കുന്നു.

പക്ഷേ, ഇങ്ങനെ ഒരു അവകാശം തങ്ങൾക്കുണ്ടെന്നു് പാവപ്പെട്ടവരുണ്ടോ അറിയുന്നു? അതിനാൽ, മനുഷ്യതാല്പര്യകഥകൾക്കു് ഇവിടെ ഒരു ക്ഷാമവുമില്ല. പത്രങ്ങളുടെ ഭാഗ്യം! വായനക്കാരുടെയും!

(24 ഡിസംബർ, 1983)

## 86. ശോഭനാ–പ്രശ്നങ്ങൾ

കണ്ണൂർ ജില്ലയിൽ കണ്ണപുരം എന്ന പ്രദേശത്തു പാർക്കുന്ന ഒരു കല്ലുണിക്കാരനാണു് കരുണൻ. കരുണന്റെ ഭാര്യ ശോഭനയുടെ രണ്ടാമത്തെ പ്രസവം നടന്നിട്ടു് ആറു മാസമേ ആയുള്ളു. തക്കസമയത്തു് ശോഭനയ്ക്കു് ആർത്തവം ഉണ്ടായിക്കാണായ്കയാൽ, വീണ്ടും ഗർഭമായോ എന്നു സംശയിച്ചു്, കരുണനും ശോഭനയും 1983 നവംബർ 10–ാം തീയതി പാപ്പിനിശ്ശേരിയിലുള്ള സർക്കാർ പ്രൈമറി ഹെൽത്തു് സെൻററിലെ ഡോ. പി. വി. കണ്ണൻ എന്ന സ്ത്രീരോഗവിദഗ്ദ്ധനെ (ഗൈനക്കോളജിസ്റ്റ്) സമീപിച്ചു. ഗർഭമുണ്ടോ എന്നു പരിശോധിക്കാനായി, കൃത്രിമ സ്ത്രീ ഹോർമോണുകൾ അടങ്ങിയതും, മററു പല രാജ്യങ്ങളിലും നിരോധിക്കപ്പെട്ടതുമായ 'സൈക്ലെനോം' എന്ന ഗുളിക കഴിക്കാൻ ഡോക്ടർ കണ്ണൻ ശോഭനയെ ഉപദേശിച്ചു. പത്തു ദിവസത്തിനകം ആർത്തവം ഉണ്ടായില്ലെങ്കിൽ വീണ്ടും തന്നെ വന്നു കാണണമെന്നും ഡോക്ടർ രോഗിയോടു നിർദ്ദേശിച്ചു. ആർത്തവം ഉണ്ടായിക്കാണായ്കയാൽ ശോഭന നവംബർ 21–ാം തീയതി ഡോക്ടറെ പിന്നെയും ചെന്നു കണ്ടു. 'ഡി ആൻഡ് സി' എന്നറിയപ്പെടുന്ന ലഘുശസ്ത്രക്രിയ ഡോക്ടർ അന്നു് ശോഭനയിൽ നടത്തി. എന്നാൽ, ആശുപത്രിരേഖകളിൽ ചേർത്തതു്, ഗർഭനിരോധോപകരണങ്ങൾ പരാജയപ്പെട്ടതിനാൽ ഉണ്ടായ ഗർഭം അവസാനിപ്പിക്കുന്നതിനു് എം. ടി. പി. എന്ന ശസ്ത്രക്രിയ ചെയ്തു എന്നായിരുന്നു. ഇത്തരം ശസ്ത്രക്രിയ നടത്തുംമുമ്പു് ഡോക്ടർ ചെയ്യേണ്ട, സമ്മതപത്രം ഒപ്പിട്ടു വാങ്ങുക എന്ന ചടങ്ങു് ഇവിടെ ഉണ്ടായില്ല. സർക്കാർ ആശുപത്രിയിൽ സർക്കാർ ഡോക്ടർ നടത്തിയ ശസ്ത്രക്രിയയ്ക്കു് 125 രൂപ ഫീസ് വാങ്ങി എന്നും ആരോപണമുണ്ടു്. ഏതായാലും ശസ്ത്രക്രിയ നടത്തി നാല്പത്തഞ്ചു മിനിററിനകം ഡോക്ടർ രോഗിണിയെ വീട്ടിലേക്കു് അയച്ചു.

രണ്ടു ദിവസം കഴിഞ്ഞു്, നവംബർ 23–ാം തീയതി കഠിനമായ വയറുവേദനയോടെ ശോഭന പിന്നെയും ഡോക്ടർ കണ്ണനെ സമീപിച്ചു. ഡോക്ടർ ഏതാനും ആൻറി ബയോട്ടിക് മരുന്നുകൾ (വേദനാസംഹാരികളെന്നു് മറെറാരു പക്ഷം) കൊടുത്തു് രോഗിണിയെ പറഞ്ഞയച്ചു.

വേദനയ്ക്കു കുറവില്ലായ്കയാൽ നവംബർ 25–ാം തീയതി ശോഭന ഒരിക്കൽക്കൂടി ഡോ. കണ്ണന്റെ അടുത്തെത്തി. ഇത്തവണ ഡോക്ടർ കണ്ണൻ രോഗിണിയെ കണ്ണൂർ ജില്ലാ ആശുപത്രിയിലെ ഡോക്ടർ കോശി എന്ന ശസ്ത്രക്രിയാവിദഗ്ദ്ധന്റെ അടുത്തേക്കു് അയച്ചു. അന്നു സന്ധ്യയ്ക്കു് തന്റെ വീട്ടിൽവെച്ചു് ഡോക്ടർ കോശി ശോഭനയെ പരി